"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസം- കോഴിക്കോട് ഗവ. ഹോമിയോ മെഡിക്കൽ കോളേജ് - കേസ് ടേക്കിംഗ് & റെപ്പർട്ടറി വകുപ്പ് പ്രൊഫസറായ ഡോ. മൻസൂർ അലി കെ.ആർ നെ പ്രിൻസിപ്പാളായി താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകി-നിയമിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.197/2026/AYUSH തീയതി,തിരുവനന്തപുരം, 21-03-2026

പരാമർശം:-
1. 13/03/2026 ലെ സ.ഉ(പി) നം. 02/2026/ആയുഷ്
2. പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ 16/03/2026ലെ 2798/ഇ1/2024/ ജി.എച്ച്.എം.സി.റ്റി നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ഒഴിവുള്ള പ്രിൻസിപ്പാൾ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിലേക്കായി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സെലക്ട് ലിസ്റ്റ് പ്രകാരം കോഴിക്കോട് ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ കേസ് ടേക്കിംഗ് & റെപ്പർട്ടറി വകുപ്പ് പ്രൊഫസറായ ഡോ.മൻസൂർ അലി കെ.ആർ നെ കോഴിക്കോട് ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ഒഴിവുള്ള പ്രിൻസിപ്പാൾ തസ്തികയിൽ ലെവൽ 14 (144200-218200) ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ ശുപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ. മൻസൂർ അലി കെ.ആർ നെതിരെ വി.ഇ1/2024/എസ്.സി.കെ നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ടി കേസിന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിലോ തുടർനടപടികളിലോ പ്രഥമദൃഷ്ട്യാ കുറ്റം കണ്ടെത്തിയാൽ, സർക്കാർ ചട്ടങ്ങൾ പ്രകാരം ഉദ്യോഗക്കയറ്റം പുനഃപരിശോധിക്കാനും റദ്ദാക്കാനും വിധേയമായിരിക്കുമെന്ന കർശന വ്യവസ്ഥയിൽ, കോഴിക്കോട് ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ കേസ് ടേക്കിംഗ് & റെപ്പർട്ടറി വകുപ്പ് പ്രൊഫസറായ ഡോ. മൻസൂർ അലി കെ.ആർ നെ കോഴിക്കോട് ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ഒഴിവുള്ള പ്രിൻസിപ്പാൾ

തസ്തികയിൽ ലെവൽ14 (144200-218200) ശമ്പള സ്കെയിലിൽ താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകി നിയമിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
പ്രിൻസിപ്പാൾ, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, കോഴിക്കോട്
ഡോ. മൻസൂർ അലി കെ.ആർ, പ്രൊഫസർ, കേസ് ടേക്കിംഗ് & റെപ്പർട്ടറി വകുപ്പ്, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, കോഴിക്കോട് (പകർപ്പ് പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ മുഖേന)
വിജിലൻസ്(സി) വകുപ്പ് ( 08/11/2023 ലെ VIG-C2/451/2022-VIG നമ്പർ കുറിപ്പ്)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-എ) വകുപ്പ്(28/11/2025 ലെ ADV-A3/288/2025-P&ARD കുറിപ്പ് പ്രകാരം)
നിയമ (ഉപദേശ-എഫ്) വകുപ്പ് (20/02/2026 ലെ OPN-F2/28/2026-LAWനമ്പർ കുറിപ്പ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വെബ് സൈറ്റ്
കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Jayaprakash. K. J
Date: 21-03-2026 11:46:52
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പി.എസ് ന്